(ബി) അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ 3128.15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 2132.87 ലക്ഷം രൂപ ഇതുവരെ ചെലവായിട്ടുണ്ട്. ടി പദ്ധതിക്കായി കേന്ദ്ര വിഹിതമായി 1050 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട വികസന പ്രവൃത്തികളിലെ പ്രധാന ഘടകമായ പുലിമുട്ടുകളുടെ നിർമ്മാണ പ്രവൃത്തികൾനടന്നു. വരവേ പുലിമുട്ടുകളുടെ അലൈൻമെന്റിൽ അപ്രതീക്ഷിതമായ സിങ്കേജുകൾ കാണപ്പെട്ടതിനെ തുടർന്ന് 25-10-2014 മുതൽ പ്രവൃത്തി നിർത്തി വച്ചിരിക്കുകയായിരുന്നു. മാതൃകാ പഠനം നടത്തിയ ഐ.ഐ.റ്റി. ചെന്നൈയിലെ വിദഗ്ധരുടെ ടെക്നിക്കൽ സൊല്യൂഷന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾ 13-10-2015-ൽ പുനരാരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ 13-10-2015-ൽ തെക്കേ പുലിമുട്ടിലുണ്ടായ സിങ്കേജ്മൂലം പ്രവൃത്തി നിർത്തി വച്ചിരിക്കുകയാണ്. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ മറുപടി ലഭ്യമായാലുടൻ പ്രവൃത്തി പുനരാരംഭിക്കുന്നതാണ്.

(ഡി) നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

തീരദേശ റോഡുകളുടെ വികസനം

189 (197) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നാട്ടിക നിയോജക മണ്ഡലത്തിലെ ഏതെല്ലാം തീരദേശ റോഡുകളുടെ വികസനത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഏതെല്ലാം റോഡുകൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തിയാക്കിയവ ഏതെല്ലാമാണെന്നും വിശദമാക്കാമോ ;

(സി) മണ്ഡലത്തിലാകെ ഈയിനത്തിൽ എത്ര കോടി രൂപ അനുവദിച്ചുവെന്നും വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാട്ടിക നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകൾക്ക് ഫണ്ട് അനുവദിച്ചവയുടെയും പ്രവൃത്തി പൂർത്തിയാക്കിയവയുടെയും ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) നാട്ടിക നിയോജകമണ്ഡലത്തിലെ ഒൻപത് റോഡുകൾക്കായി 160.05 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly